**മധുരമായ കുട്ടികളേ– ശ്രീമതം തന്നെയാണ് നിങ്ങളെ ശ്രേഷ്ഠമാക്കി മാറ്റുന്നത്, അതിനാൽ ശ്രീമതത്തെ മറക്കരുത്, തന്നിഷ്ടത്തെ ഉപേക്ഷിച്ച് ഒരേയൊരു ബാബയുടെ മതമനുസരിച്ച് നടക്കൂ.**

**ചോദ്യം–** പുണ്യാത്മാവായി മാറുന്നതിനുള്ള യുക്തി എന്താണ്?

**ഉത്തരം–** പുണ്യാത്മാവായി മാറണമെങ്കിൽ സത്യമായ ഹൃദയത്തോടെ, സ്നേഹപൂർവ്വം ഒരേയൊരു ബാബയെ ഓർമ്മിക്കൂ. 2. കർമ്മേന്ദ്രിയങ്ങളിലൂടെ ഒരു വികർമ്മവും ചെയ്യരുത്. എല്ലാവർക്കും വഴി പറഞ്ഞുകൊടുക്കൂ. തന്റെ ഹൃദയത്തോട് ചോദിക്കണം– ഈ പുണ്യം ഞാൻ എത്ര ചെയ്യുന്നുണ്ട്? തന്റെ പരിശോധന നടത്തൂ– 100 മടങ്ങ് ശിക്ഷ ലഭിക്കത്തക്ക വിധത്തിലുള്ള ഒരു കർമ്മവും ഉണ്ടാകരുത്. അതിനാൽ പരിശോധന നടത്തുന്നതിലൂടെ പുണ്യാത്മാവായി മാറും.

**ഓം ശാന്തി.** ആത്മീയ അച്ഛൻ ഇരുന്ന് കുട്ടികൾക്ക് മനസ്സിലാക്കിത്തരുകയാണ്, ഇത് കുട്ടികൾക്ക് അറിയാവുന്നതാണ് അതായത് ഇപ്പോൾ നമ്മൾ ശിവബാബയുടെ മതം അനുസരിച്ച് നടന്നുകൊണ്ടിരിക്കുകയാണ്. ബാബയുടേതാണ് ഉയർന്നതിലും ഉയർന്ന മതം. ഉയർന്നതിലും ഉയർന്ന ശിവബാബ എങ്ങനെയാണ് കുട്ടികൾക്ക് ശ്രേഷ്ഠമായി മാറുന്നതിനുള്ള ശ്രേഷ്ഠ മതം നൽകുന്നത് എന്നത് ലോകർക്ക് അറിയില്ല. ഈ രാവണരാജ്യത്തിൽ ഒരു മനുഷ്യനാലും മനുഷ്യർക്ക് ശ്രേഷ്ഠമതം നൽകാൻ സാധിക്കില്ല. നിങ്ങൾ ഇപ്പോൾ ഈശ്വരീയ മതമുള്ളവരായി മാറുന്നു. ഈ സമയത്ത് നിങ്ങൾ കുട്ടികൾക്ക് പതിതത്തിൽ നിന്നും പാവനമായി മാറുന്നതിനായി ഈശ്വരീയ മതം ലഭിക്കുന്നു. ഇപ്പോൾ നിങ്ങൾക്ക് മനസ്സിലായി നമ്മൾ വിശ്വത്തിന്റെ അധികാരികളായിരുന്നു. അധികാരിയായിരുന്ന ഈ ബ്രഹ്മാവിനുപോലും അറിയില്ലായിരുന്നു. വിശ്വത്തിന്റെ അധികാരി പിന്നീട് പൂർണ്ണമായും പതിതമായി മാറുന്നു. ഈ കളി വളരെ നല്ലരീതിയിൽ ബുദ്ധികൊണ്ട് മനസ്സിലാക്കണം. ശരിയും തെറ്റും എന്താണ് എന്നതിലാണ് ബുദ്ധിയുടെ യുദ്ധം. മുഴുവൻ ലോകത്തിലും തെറ്റാണ്. ഒരു ബാബ മാത്രമാണ് ശരി, സത്യം പറയുന്നയാൾ. ബാബ നിങ്ങളെ സത്യഖണ്ഡത്തിന്റെ അധികാരിയാക്കി മാറ്റുന്നു അതിനാൽ ബാബയുടെ മതം സ്വീകരിക്കണം. തന്റെ മതത്തിലൂടെ നടക്കുന്നതിലൂടെ ചതി പറ്റും. പക്ഷേ ബാബ ഗുപ്തമാണ്. നിരാകാരനാണ്. വളരെ അധികം കുട്ടികൾ തെറ്റ് ചെയ്യുന്നുണ്ട്– ഇത് ദാദായുടെ മതമാണ് എന്ന് കരുതുന്നു. മായ ശ്രേഷ്ഠ മതം സ്വീകരിക്കാൻ അനുവദിക്കുന്നില്ല. ശ്രീമതത്തിലൂടെ നടക്കണമല്ലോ. ബാബാ അങ്ങ് എന്ത് പറയുന്നുവോ അത് ഞങ്ങൾ തീർച്ചയായും അനുസരിക്കും. പക്ഷേ ചിലർ അനുസരിക്കുന്നില്ല. നമ്പർവൈസ് പുരുഷാർത്ഥം അനുസരിച്ച് ശ്രീമതത്തിലൂടെ നടക്കുന്നു ബാക്കിയുള്ളവർ തന്നിഷ്ടപ്രകാരം നടക്കുന്നു. ബാബ വന്നിരിക്കുന്നത് ശ്രേഷ്ഠ മതം നൽകാനാണ്. ഇങ്ങനെയുള്ള ബാബയെ ഇടക്കിടെ മറന്നുപോകുന്നു. മായ ശ്രീമതം അനുസരിക്കാൻ അനുവദിക്കുന്നില്ല. ശ്രീമതം വളരെ സഹജമല്ലേ. നമ്മൾ തമോപ്രധാനമാണ് എന്ന കാര്യം ലോകത്തിലെ ആർക്കും അറിയില്ല. എന്റെ മതം വളരെ പ്രശസ്ഥമാണ്, ശ്രീമത്ഭഗവത്ഗീത. ഭഗവാൻ ഇപ്പോൾ പറയുന്നു ഞാൻ 5000 വർഷങ്ങൾക്ക് ശേഷം വരുകയാണ്, വന്ന് ഭാരതത്തിന് ശ്രീമതം നൽകി ശ്രേഷ്ഠത്തിലും ശ്രേഷ്ഠമാക്കി മാറ്റുന്നു. ബാബ മുന്നറിയിപ്പ് നൽകുകയാണ്, കുട്ടികൾ ശ്രീമത്തിലൂടെ നടക്കുന്നില്ല. ബാബ ദിവസവും മനസ്സിലാക്കിത്തന്നുകൊണ്ടിരിക്കുന്നു– കുട്ടികളേ, ശ്രീമതത്തിലൂടെ നടക്കാൻ മറന്നുപോകരുത്. ഈ ബ്രഹ്മാവിന്റെ കാര്യമേയില്ല. ശിവബാബ പറയുന്നതാണെന്ന് കരുതൂ. ബാബയാണ് ഇവരിലൂടെ നിർദേശങ്ങൾ നൽകുന്നത്. ബാബയാണ് മനസ്സിലാക്കിത്തരുന്നത്. കഴിക്കുകയോ കുടിക്കുകയോ ചെയ്യുന്നില്ല, പറയുന്നു ഞാൻ അഭോക്താവാണ്. നിങ്ങൾ കുട്ടികൾക്ക് ശ്രീമതം നൽകുകയാണ്. നമ്പർവൺ മതം നൽകുന്നു എന്നെ ഓർമ്മിക്കൂ. ഒരു വികർമ്മവും ചെയ്യരുത്. തന്റെ ഹൃദയത്തോട് ചോദിക്കൂ എത്ര പാപം ചെയ്തിട്ടുണ്ട്? ഇത് അറിയാവുന്നതാണ് അതായത് എല്ലാവരുടേയും പാപത്തിന്റെ കുടം നിറഞ്ഞിരിക്കുകയാണ്. ഈ സമയത്ത് എല്ലാവരും തെറ്റായ വഴിയിലാണ്. നിങ്ങൾക്ക് ഇപ്പോൾ ബാബയിലൂടെ ശരിയായ വഴി ലഭിച്ചു. നിങ്ങളുടെ ബുദ്ധിയിൽ മുഴുവൻ ജ്ഞാനവും ഉണ്ട്. ഗീതയിൽ ഏത് ജ്ഞാനമാണോ ഉണ്ടാകേണ്ടിയിരുന്നത് അതില്ല. അത് ബാബ നിർമ്മിച്ചതൊന്നുമല്ല. ഇതും ഭക്തിമാർഗ്ഗത്തിൽ ഉള്ളതാണ്. ഭഗവാൻ വന്ന് ഭക്തിയുടെ ഫലം നൽകും എന്നും പറയാറുണ്ട്. കുട്ടികൾക്ക് മനസ്സിലാക്കിത്തന്നിട്ടുണ്ട്– ജ്ഞാനത്തിലൂടെയാണ് സദ്ഗതി. സദ്ഗതി എല്ലാവരുടേയും ഉണ്ടാകും, ദുർഗ്ഗതിയും എല്ലാവർക്കും ഉണ്ടാകുന്നു. ഈ ലോകം തന്നെ തമോപ്രധാനമാണ്. സതോപ്രധാനമായ ആരുമില്ല. പുനർജന്മം എടുത്ത് എടുത്ത് ഇപ്പോൾ അവസാനമെത്തി. ഇപ്പോൾ എല്ലാവരുടേയും തലയ്ക്കുമുകളിൽ നിൽക്കുകയാണ് മരണം. ഭാരതത്തിന്റെ തന്നെ കാര്യമാണ്. ഗീതയും ദേവീ ദേവതാ ധർമ്മത്തിന്റെ ശാസ്ത്രമാണ്. എങ്കിൽ പിന്നെ നിങ്ങൾക്ക് മറ്റേതെങ്കിലും ധർമ്മത്തിലേയ്ക്ക് പോകുന്നതുകൊണ്ട് എന്ത് ലാഭമാണുള്ളത്. എല്ലാ

വരും അവരവരുടെ ഖുറാൻ, ബൈബിൾ മുതലായവയാണ് പഠിക്കുന്നത്. തന്റെ ധർമ്മത്തെ അറിയാം. ഭാരതവാസികൾ മാത്രമാണ് അന്യധർമ്മങ്ങളിലേയ്ക്ക് പോകുന്നത്. ബാക്കി എല്ലാവരും അവരവരുടെ ധർമ്മത്തിൽ പക്കയാണ്. ഓരോ ധർമ്മത്തിലുള്ളവരുടേയും രൂപം വേറെ വേറെയാണ്. ബാബ സ്മൃതി ഉണർത്തുന്നു– കുട്ടികളേ, നിങ്ങൾ നിങ്ങളുടെ ദേവീ ദേവതാ ധർമ്മത്തെ മറന്നുപോയി. നിങ്ങൾ സ്വർഗ്ഗത്തിലെ ദേവതകളായിരുന്നു, ഹം സോ എന്നതിന്റെ അർത്ഥം ബാബ ഭാരതവാസികളെ കേൾപ്പിച്ചിട്ടുണ്ട്. അല്ലാതെ ഞാൻ ആത്മാവുതന്നെയാണ് പരമാത്മാവ് എന്നല്ല. ഈ കാര്യങ്ങൾ ഭക്തിമാർഗ്ഗത്തിലെ ഗുരുക്കന്മാർ പറഞ്ഞതാണ്. ഗുരുക്കന്മാരും കോടിക്കണക്കിന് ഉണ്ടാകും. ഭാര്യയോട് ഭർത്താവിനെക്കുറിച്ച് പറയും ഇവർ നിന്റെ ഗുരുവും ഈശ്വരനുമാണ്. ഭർത്താവുതന്നെ ഈശ്വരനാണെങ്കിൽ പിന്നെ അല്ലയോ ഭഗവാനേ, അല്ലയോ രാമാ എന്ന് എന്തിനാണ് വിളിക്കുന്നത്. മനുഷ്യരുടെ ബുദ്ധി തീർത്തും കല്ലായിരിക്കുന്നു. ബ്രഹ്മാവും സ്വയം പറയും ഞാനും ഇങ്ങനെയായിരുന്നു. വൈകുണ്ഠത്തിലെ കൃഷ്ണൻ എവിടെയിരിക്കുന്നു, ഗ്രാമത്തിലെ ബാലകൻ എന്ന് പറഞ്ഞതെവിടെയിരിക്കന്നു. ശ്യാമസുന്ദരൻ എന്ന് പറയുന്നു. അർത്ഥം മനസ്സിലാക്കുന്നുണ്ടോ. ഇപ്പോൾ ബാബ നിങ്ങൾക്ക് മനസ്സിലാക്കിത്തന്നു ആരാണോ നമ്പർവൺ സുന്ദരനായിരുന്നത് അവർ തന്നെയാണ് ലാസ്റ്റ് നമ്പറിൽ തമോപ്രധാനമായ ശ്യാമനായി മാറുന്നത്. നിങ്ങൾ മനസ്സിലാക്കുന്നുണ്ട് നമ്മൾ സുന്ദരനായിരുന്നു പിന്നീട് കറുത്തവരായി മാറി. 84ന്റെ ചക്രം കറങ്ങി ഇപ്പോൾ കറുത്തതിൽ നിന്നും സുന്ദരനായി മാറുന്നതിനായി ബാബ ഒരു മരുന്ന് നൽകുന്നു അതായത് എന്നെ ഓർമ്മിക്കു. നിങ്ങളുടെ ആത്മാവ് പതിതത്തിൽ നിന്നും പാവനമായി മാറും. നിങ്ങളുടെ ജന്മ ജന്മാന്തരങ്ങളിലെ പാപം ഇല്ലാതാകും.

നിങ്ങൾക്ക് അറിയാം എപ്പോൾ രാവണൻ വന്നോ അപ്പോൾ മുതൽ നിങ്ങൾ വീണ് വീണ് പാപാത്മാവായി മാറി. ഇത് പാപാത്മാക്കളുടെ ലോകമാണ്. ഒരാൾ പോലും സുന്ദരനായില്ല. ബാബയ്ക്കല്ലാതെ മറ്റാർക്കും സുന്ദരനാക്കി മാറ്റാൻ സാധിക്കില്ല. നിങ്ങൾ സ്വർഗ്ഗവാസിയായ സുന്ദരന്മാരായി മാറാൻ വന്നതാണ്. ഇപ്പോൾ നരകവാസിയും കറുത്തവരുമാണ് എന്തുകൊണ്ടെന്നാൽ കാമചിതയിൽ ഇരുന്ന് കറുത്തുപോയി. ബാബ പറയുന്നു കാമം മഹാശത്രുവാണ്. ഇതിനുമേൽ ആര് വിജയം നേടുന്നുവോ അവരാണ് ജഗദ്ജീത്തായി മാറുന്നത്. നമ്പർവൺ കാമമാണ്. അവരെയാണ് പതിതം എന്ന് പറയുന്നത്. ക്രോധിയെ പതിതർ എന്ന് പറയില്ല. വന്ന് പതിതത്തിൽ നിന്നും പാവനമാക്കി മാറ്റൂ എന്ന് പറഞ്ഞ് വിളിക്കുന്നുണ്ട്. അതിനാൽ ഇപ്പോൾ ബാബ പറയുന്നു ഈ അന്തിമ ജന്മത്തിൽ പാവനമായി മാറൂ. എങ്ങനെയാണോ രാത്രിയ്ക്ക് ശേഷം പകൽ ഉണ്ടാകുന്നത്, പകലിനുശേഷം രാത്രിയുണ്ടാകുന്നത് അതുപോലെ സംഗമയുഗത്തിനുശേഷം സത്യയുഗം വരണം. ചക്രത്തിന് കറങ്ങണം. അല്ലാതെ ആകാശത്തിലോ പാതാളത്തിലോ ഒന്നും ലോകമില്ല. സൃഷ്ടി ഇതുതന്നെയാണ്. സത്യയുഗം, ത്രേതായുഗം........... ഇവിടെത്തന്നെയാണ്. വൃക്ഷവും ഒന്നേയുള്ളു, വേറെ ഉണ്ടാവുക സാധ്യമല്ല. അനേകം ലോകങ്ങളുണ്ട് എന്ന് പറയുന്നതെല്ലാം പൊങ്ങച്ചങ്ങളാണ്. ബാബ പറയുന്നു ഇതെല്ലാം ഭക്തിമാർഗ്ഗത്തിലെ കാര്യങ്ങളാണ്. ഇപ്പോൾ ബാബ സത്യമായ കാര്യം കേൾപ്പിക്കുന്നു. ഇപ്പോൾ തന്റെയുള്ളിൽ നോക്കൂ– ഞാൻ ഏതുവരെ ശ്രീമതം അനുസരിച്ച് നടന്ന് സതോപ്രധാനം അർത്ഥം പുണ്യാത്മാവായി മാറി? സതോപ്രധാനത്തെ പുണ്യാത്മാവെന്നും, തമോപ്രധാനത്തെ പാപാത്മാവെന്നും പറയുന്നു. വികാരത്തിലേയ്ക്ക് പോകുന്നത് പാപമാണ്. ബാബ പറയുന്നു ഇപ്പോൾ പവിത്രമായി മാറൂ. എന്റേതായി മാറിയെങ്കിൽ എന്റെ ശ്രീമതം അനുസരിച്ച് നടക്കണം. മുഖ്യമായ കാര്യമിതാണ് ഒരു പാപവും ചെയ്യരുത്. വികാരത്തിലേയ്ക്ക് പോവുക എന്നതാണ് നമ്പർവൺ പാപം. പിന്നെയും ഒരുപാട് പാപങ്ങളുണ്ടാകുന്നുണ്ട്. കൊള്ളയും കളവും, വഞ്ചനയും ഒരുപാട് ചെയ്യുന്നു. പിന്നീട് ഒരുപാടുപേരെ ഗവൺമെന്റ് പിടികൂടുന്നുമുണ്ട്. ഇപ്പോൾ ബാബ കുട്ടികളോട് പറയുന്നു തന്റെ ഹൃദയത്തോട് ചോദിക്കൂ– ഞാൻ ഒരു പാപവും ചെയ്യുന്നില്ലല്ലോ? ഇങ്ങനെ കരുതരുത്– ഞാൻ കളവ് നടത്തി അല്ലെങ്കിൽ കൈക്കൂലി വാങ്ങിച്ചു എങ്കിൽ ബാബ എല്ലാം അറിയുന്നയാളാണ്, എല്ലാം അറിയും. ഇല്ല, എല്ലാം അറിയുന്നയാൾ എന്നതിന്റെ അർത്ഥം ഇതല്ല. ശരി, ആരെങ്കിലും മോഷ്ടിച്ചു, അത് ബാബ അറിഞ്ഞു പിന്നെ എന്താണ്? ആരാണോ മോഷ്ടിച്ചത് അവരുടെ ശിക്ഷ നൂറുമടങ്ങാവുകതന്നെ ചെയ്യും. വളരെ വളരെ ശിക്ഷ അനുഭവിക്കും. പദവിയും നഷ്ടമാകും. ബാബ മനസ്സിലാക്കിത്തരുന്നു ഇങ്ങനെയുള്ള കാര്യങ്ങളാണ് ചെയ്യുന്നതെങ്കിൽ ശിക്ഷ അനുഭവിക്കേണ്ടതായി വരും. ചിലർ ഭഗവാന്റെ കുട്ടിയായതിനുശേഷവും കളവ് നടത്തുന്നു, ശിവബാബയിൽ നിന്നും ഇത്രയും സമ്പത്ത് ലഭിക്കുന്നു, എന്നിട്ടും ബാബയുടെ ഭണ്ഡാരയിൽ നിന്നും മോഷ്ടിക്കുന്നു, ഇത് വളരെ വലിയ പാപമാണ്. ചിലരിൽ മോഷ്ടിക്കുന്ന ശീലമുണ്ടാകും, അവരെ ജയിൽ പുള്ളി എന്നാണ് പറയുന്നത്. ഇത് ഈശ്വരന്റെ വീടാണ്. എല്ലാം ഈശ്വരന്റേതല്ലേ. ഈശ്വരന്റെ വീട്ടിലേയ്ക്ക് വരുന്നത് ബാബയിൽ നിന്നും സമ്പത്ത് നേടാനാണ്. പക്ഷേ ചിലരുടേത് ശീലമാകുന്നു, അവരുടെ ശിക്ഷ നൂറുമടങ്ങാകുന്നു. ശിക്ഷകളും ഒരുപാട് ലഭിക്കും പിന്നീട് ജന്മ ജന്മാന്തരങ്ങൾ മോശമായ വീട്ടിൽത്തന്നെ ജന്മം എടുക്കും, എങ്കിൽ തന്റെതന്നെ നഷ്ടമുണ്ടാക്കുകയല്ലേ ചെയ്ത

ത്. ഇങ്ങനെ ഒരുപാടുപേരുണ്ട് ഓർമ്മയിൽ ഒട്ടും ഇരിക്കുന്നില്ല, ഒന്നും കേൾക്കുന്നില്ല. ബുദ്ധിയിൽ മോഷ്ടിക്കേണ്ടതിന്റെ തന്നെ ചിന്ത നടന്നുകൊണ്ടിരിക്കും. ഇങ്ങനെ ഒരുപാടുപേർ സത്സംഗത്തിലേയ്ക്ക് വരുന്നുണ്ട്. ചെരുപ്പ് മോഷ്ടിച്ചുകൊണ്ടുപോകും, അവരുടെ ജോലിതന്നെ ഇതാണ്. എവിടെ സത്സംഗമുണ്ടോ അവിടെച്ചെന്ന് ചെരുപ്പ് മോഷ്ടിച്ചുകൊണ്ടുവരും. ലോകം വളരെ മോശമാണ്. ഇത് ഈശ്വരന്റെ വീടാണ്. മോഷ്ടിക്കുന്ന ശീലം വളരെ മോശമാണ്. പറയാറുണ്ട്– കക്ക മോഷ്ടിക്കുന്നതും ലക്ഷം മോഷ്ടിക്കുന്നതും ഒന്നാണ്. ഉള്ളിൽ തന്നോടുതന്നെ ചോദിക്കണം– ഞാൻ എത്രത്തോളം പുണ്യാത്മാവായി മാറി? ബാബയെ എത്ര ഓർമ്മിക്കുന്നുണ്ട്? എത്രത്തോളം ഞാൻ സ്വദർശന ചക്രധാരിയായി മാറി? എത്ര സമയം ഈശ്വരീയ സേവനത്തിൽ കഴിയുന്നു? എത്ര പാപം നശിക്കുന്നുണ്ട്? തന്റെ കണക്ക് ദിവസവും നോക്കണം. എത്ര പുണ്യം ചെയ്തു, എത്ര യോഗത്തിൽ ഇരുന്നു? എത്ര പേർക്ക് വഴി പറഞ്ഞുകൊടുത്തു? ജോലിയെല്ലാം തീർച്ചയായും ചെയ്യണം. നിങ്ങൾ കർമ്മയോഗികളാണ്. കർമ്മം തീർച്ചയായും ചെയ്യൂ. ബാബ ഈ ബാഡ്ജുകൾ ഉണ്ടാക്കുന്നുണ്ട്. നല്ല നല്ല ആളുകൾക്ക് ഇത് ഉപയോഗിച്ച് പറഞ്ഞുകൊടുക്കൂ. ഈ മഹാഭാരതയുദ്ധത്തിലൂടെ തന്നെയാണ് സ്വർഗ്ഗത്തിന്റെ ഗേറ്റ് തുറക്കുന്നത്. കൃഷ്ണന്റെ ചിത്രത്തിൽ താഴെ എഴുതിയിരിക്കുന്നത് വളരെ ഒന്നാന്തരമാണ്. പക്ഷേ കുട്ടികൾ ഇപ്പോൾ അത്രയും വിശാലബുദ്ധിയുള്ളവരായി മാറിയിട്ടില്ല. അല്പം ധനം ലഭിച്ചാൽ മതി നൃത്തം വെയ്ക്കാൻ തുടങ്ങും. ചിലർക്ക് അധികം ധനം ലഭിച്ചാൽ ഞങ്ങളെപ്പോലെ വേറെ ആരും ഉണ്ടാകില്ല എന്നു കരുതുന്നു. ഏത് കുട്ടികൾക്കാണോ ബാബയുടെ ചിന്തയില്ലാത്തത് അവർക്ക് ബാബ നൽകുന്ന അവിനാശിയായ ഇത്രയും ജ്ഞാനരത്നങ്ങളേയും ബഹുമാനം ഉണ്ടാകില്ല. ബാബ ഒരു കാര്യം പറയും, അവർ വേറൊരു കാര്യം ചെയ്യും. ചിന്തയില്ലാത്തതിനാൽ ഒരുപാട് പാപം ചെയ്തുകൊണ്ടിരിക്കുന്നു. ശ്രീമതത്തിലൂടെ നടക്കുന്നില്ല. പിന്നീട് വീണുപോകുന്നു. ബാബ പറയുന്നു ഇതും ഡ്രാമയാണ്. അവരുടെ ഭാഗ്യത്തിലില്ല. ബാബയ്ക്ക് അറിയാമല്ലോ. വളരെ അധികം പാപം ചെയ്യുന്നു, അഥവാ ബാബ നമ്മെ പഠിപ്പിക്കുകയാണ് എന്ന നിശ്ചയമുണ്ടെങ്കിൽ സന്തോഷം ഉണ്ടാകും. നിങ്ങൾക്ക് അറിയാം നമ്മൾ ഭാവിയിലെ പുതിയ ലോകത്തിൽ രാജകുമാരീ രാജകുമാരന്മാരായി മാറും, എങ്കിൽ എത്ര സന്തോഷം ഉണ്ടാകണം. പക്ഷേ കുട്ടികൾ ഇപ്പോഴും വാടിയിരിക്കുകയാണ്. ആ അവസ്ഥ നിലനിൽക്കുന്നില്ല.

ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട്– വിനാശത്തിന് റിഹേഴ്സലും ഉണ്ടാകും. പ്രകൃതിക്ഷോഭങ്ങൾ ഉണ്ടാകും. ഭാരതത്തെ ബലഹീനമാക്കിക്കൊണ്ടിരിക്കും. ബാബ സ്വയം പറയുന്നു– ഇതെല്ലാം സംഭവിക്കേണ്ടതുതന്നെയാണ്. ഇല്ലെങ്കിൽ എങ്ങനെ വിനാശമുണ്ടാകും. മഞ്ഞ് മഴപെയ്യും പിന്നെ കൃഷിയുടെ അവസ്ഥ എന്താകും. ലക്ഷങ്ങൾ മരിച്ചുകൊണ്ടിരിക്കുന്നു, എന്തെങ്കിലും മാറ്റം ഉണ്ടാകുന്നുണ്ടോ. അതിനാൽ ബാബ മുഖ്യമായ കാര്യം മനസ്സിലാക്കിത്തരുകയാണ് അതായത് തന്റെയുള്ളിൽ ഇങ്ങനെ പരിശോധിക്കൂ, ഞാൻ എത്ര ബാബയെ ഓർമ്മിക്കുന്നുണ്ട്. ബാബാ, അങ്ങ് വളരെ മധുരമാണ്, അങ്ങയുടേത് അത്ഭുതമാണ്. അങ്ങയുടെ ആജ്ഞയാണ് എന്നെ ഓർമ്മിക്കൂ എങ്കിൽ 21 ജന്മങ്ങളിലേയ്ക്ക് ഒരിയ്ക്കലും രോഗിയാവില്ല. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കു എങ്കിൽ ഞാൻ ഗ്യാരന്റി നൽകുകയാണ്, സന്മുഖത്ത് ബാബ നിങ്ങളോട് പറയുന്നു നിങ്ങൾ പിന്നീട് മറ്റുള്ളവരെ കേൾപ്പിക്കുന്നു. ബാബ പറയുന്നു അച്ഛനായ എന്നെ ഓർമ്മിക്കു, വളരെ അധികം സ്നേഹിക്കു. നിങ്ങൾക്ക് പതിതത്തിൽ നിന്നും പാവനമായി മാറാൻ എത്ര സഹജമായ വഴി പറഞ്ഞുതരുന്നു. ചിലർ പറയുന്നു ഞാൻ വളരെ വലിയ പാപാത്മാവാണ്. ശരി, ഇനി ഇങ്ങനെയുള്ള പാപങ്ങൾ ചെയ്യരുത്, എന്നെ ഓർമ്മിച്ചുകൊണ്ടിരിക്കൂ എങ്കിൽ ജന്മജന്മാന്തരങ്ങളായി എന്തെല്ലാം പാപങ്ങളുണ്ടോ അതെല്ലാം ഈ ഓർമ്മയിലൂടെ ഭസ്മമാകും. ഓർമ്മയാണ് മുഖ്യമായ കാര്യം. ഇതിനെ സഹജമായ ഓർമ്മ എന്നാണ് പറയുന്നത്, യോഗം എന്ന വാക്ക് മാറ്റൂ. സന്യാസിമാരുടെ ഹഠയോഗം വ്യത്യസ്ത രീതികളിലുണ്ട്. അനേകം പ്രകാരങ്ങളിൽ പഠിപ്പിക്കുന്നു. ഈ ബാബയ്ക്കും അനേകം ഗുരുക്കന്മാർ ഉണ്ടായിരുന്നല്ലോ. ഇപ്പോൾ പരിധിയില്ലാത്ത അച്ഛൻ പറയുന്നു– ഇവരെയെല്ലാം ഉപേക്ഷിക്കൂ. ഇവർ എല്ലാവരുടേയും ഉദ്ധാരണം ചെയ്യേണ്ടതും ഞാൻ തന്നെയാണ്. ഇങ്ങനെ പറയാൻ മറ്റാരിലും ശക്തിയില്ല. ബാബ തന്നെയാണ് പറഞ്ഞത്– ഞാൻ ഈ സന്യാസിമാരുടേയും ഉദ്ധാരണം ചെയ്യുന്നു. പിന്നെ ഇവർക്ക് എങ്ങനെ ഗുരുവാകാൻ സാധിക്കും. അതിനാൽ പ്രധാനപ്പെട്ട ഒരു കാര്യം ബാബ മനസ്സിലാക്കിത്തരുകയാണ്– തന്റെ ഹൃദയത്തോട് ചോദിക്കൂ, ഞാൻ ഒരു പാപവും ചെയ്യുന്നില്ലല്ലോ. ആർക്കും ദുഃഖം നൽകുന്നില്ലല്ലോ? ഇതിൽ ഒരു ബുദ്ധിമുട്ടുമില്ല. ഉള്ളിൽ പരിശോധിക്കണം, മുഴുവൻ ദിവസത്തിലും എത്ര പാപം ചെയ്തു? എത്ര ഓർമ്മിച്ചു? ഓർമ്മയിലൂടെയേ പാപം ഭസ്മമാകൂ. പരിശ്രമിക്കണം. ഇത് വളരെ പരിശ്രമമുള്ള കാര്യമാണ്. ജ്ഞാനം നൽകുന്നത് ഒരേയൊരു ബാബയാണ്. ബാബ തന്നെയാണ് മുക്തിയുടേയും ജീവന്മുക്തിയുടേയും വഴി പറഞ്ഞുതരുന്നത്. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യസാരം-

1) ബാബ നൽകുന്ന അവിനാശിയായ ജ്ഞാനരത്നത്തിന്റെ ഖജനാവിന് ബഹുമാനം കൊടുക്കണം. അശ്രദ്ധരായി പാപകർമ്മങ്ങൾ ചെയ്യരുത്. അഥവാ ഭഗവാൻ നമ്മെ പഠിപ്പിക്കുകയാണ് എന്ന നിശ്ചയമുണ്ടെങ്കിൽ അപാരമായ സന്തോഷത്തിൽ ഇരിക്കണം.

2) ഈശ്വരന്റെ വീട്ടിൽ മോഷണം നടത്തണം എന്ന ചിന്ത ഒരിയ്ക്കലും വരരുത്. ഈ ശീലം വളരെ മോശമാണ്. കക്ക മോഷ്ടിക്കുന്നതും ലക്ഷം മോഷ്ടിക്കുന്നതും ഒരുപോലെ മോഷണമാണ് എന്ന് പറയാറുണ്ട്. ഞാൻ എത്രത്തോളം പുണ്യാത്മാവായി മാറി എന്ന് സ്വയം തന്റെയുള്ളിൽ ചോദിക്കണം.

## വരദാനം:-ദുർബലരും മനസ്സ് തകർന്നവരും അസമർത്ഥരുമായ ആത്മാക്കൾക്ക് എക്സ്ട്രാ ബലം കൊടുക്കുന്ന ആത്മീയ ദയ ഹൃദയരായി ഭവിക്കട്ടെ.

ആരാണോ ആത്മീയ ദയഹൃദയരായ കുട്ടികൾ അവർ മഹാദാനിയായി ഒട്ടും പ്രതീക്ഷയില്ലാത്തവരിലും പ്രതീക്ഷ ഉണർത്തുന്നു. ദുർബലരെ ബലവാനാക്കും. ദരിദ്രർക്കും ആശ്രയമില്ലാത്തവർക്കുമാണ് ദാനം കൊടുക്കുന്നത് ആരാണോ ദുർബലരും, മനസ്സ് തകർന്നവരും അസമർത്ഥരായ പ്രജാ ക്വളിറ്റിയിലെ ആത്മാക്കൾ അവരെ പ്രതി ആത്മീയ ദയഹൃദയരായി മഹാദാനിയാകൂ. പരസ്പരം ഒപ്പം ഉള്ളവരോട് അല്ല മഹാദാനിയാകേണ്ടത്. അവർ സഹയോഗികളായ കൂട്ടുകാർ ആണ്, സഹോദരന്മാരാണ്, ഒപ്പം പുരുഷാർത്ഥം ചെയ്യുന്നവരാണ്, അവർക്ക് ദാനമല്ല സഹയോഗം കൊടുക്കണം.

## സ്ലോഗൻ: സാദാ ഒരു ബാബയുടെ ശ്രേഷ്ഠ കൂട്ടുകെട്ടിലിരുന്നാൽ മറ്റുള്ളവരുടെ കൂട്ടുകെട്ടിന്റെ നിറം പ്രഭാവിതമാക്കില്ല.

**അവ്യക്ത സൂചന:- ആത്മീയ റോയൽറ്റിയും പവിത്രതയുടെ വ്യക്തിത്വവും ധാരണ ചെയ്യൂ.**
പവിത്രതയോടൊപ്പം മുഖത്തിലും ചലനത്തിലും ആത്മീയതയുടെയും വ്യക്തിത്വം ധാരണ ചെയ്ത്, ഈ ഉയർന്ന വ്യക്തിത്വത്തിന്റെ ആത്മീയ ലഹരിയിലിരിക്കൂ. തന്റെ ആത്മീയ വ്യക്തിത്വത്തെ സ്മൃതിയിൽ വച്ച് സദാ പ്രസന്നചിത്തരായി ഇരുന്നാൽ പ്രശ്നങ്ങൾ എല്ലാം സമാപ്തമാകും. താങ്കളുടെ പ്രസന്നതയുടെ ദൃഷ്ടിയിലൂടെ അശാന്തരും വിഷമിച്ചിരിക്കുന്ന ആത്മാക്കളും പ്രസന്നരാകും.